DSLR/4372/2025-B6

സർവെയും ഭൂരേഖയും വകുപ്പ്
സർവെ ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
Email:dir-tvm.syr@kerala.gov.in
dydir1-tvm.syr@kerala.gov.in
തീയതി:28-01-2026

## ക്വട്ടേഷൻ നോട്ടീസ്

*************

തിരുവനന്തപുരം സർവെ ഡയറക്ടറേറ്റിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന കോൺഫറൻസ് ഹാളിലെ നിലവിലുള്ള സൌണ്ട് സിസ്റ്റം തകരാറിലായതിനാൽ, പുതിയ സൌണ്ട് സിസ്റ്റം വാങ്ങുന്നതിനായി കേരള സർക്കാർ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി, യോഗ്യതയുള്ള സ്ഥാപനങ്ങളിൽ നിന്ന് മുദ്രവച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

136

## നിബന്ധനകൾ

1. ക്വട്ടേഷൻ 16/02/2026-ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി സർവെ ഡയറക്ടർ, സർവെ ഡയറക്ടറേറ്റ്, വഴുതക്കാട്, തിരുവനന്തപുരം – 14 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.കവറിന്റെ പുറത്തു “Conference Hall Sound System – Quotation” എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

2. ലഭിക്കുന്ന ക്വട്ടേഷനുകൾ 16/02/2026-ന് വൈകുന്നേരം 4.00 മണിക്ക് സർവെ ഡയറക്ടറേറ്റിൽ തുറന്ന് പരിശോധിക്കുന്നതും, സാങ്കേതിക യോഗ്യതയും നിരക്കും വിലയിരുത്തി, കുറഞ്ഞ തുക രേഖപ്പെടുത്തിയ യോഗ്യമായ ക്വട്ടേഷൻ സർവെ ഡയറക്ടറുടെ അംഗീകാരത്തോടെ സ്വീകരിക്കുന്നതുമായിരിക്കും.

3. അംഗീകരിച്ച സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയ തീയതിയിൽ നിന്ന് രണ്ട് (2) ദിവസത്തിനകം സാധനങ്ങൾ സപ്ലൈ ചെയ്ത് സ്ഥാപിച്ച് പ്രവർത്തനക്ഷമതയും ഗുണനിലവാരവും ബോധ്യപ്പെടുത്തണം.

4. സപ്ലൈ ചെയ്യുന്ന എല്ലാ ഉപകരണങ്ങളും ISI / BIS അംഗീകാരമുള്ളതും, അംഗീകൃത നിർമ്മാതാക്കളുടേതുമായിരിക്കണം. ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട

രേഖകൾ ഹാജരാക്കേണ്ടതാണ്.

5. സപ്ലൈ പൂർത്തിയാക്കി പരിശോധനയ്ക്ക് ശേഷം ബില്ലുകൾ സമർപ്പിക്കുന്നതും, സർക്കാർ ചട്ടങ്ങൾ പ്രകാരം ടി സ്ഥാപനത്തിന്റെ / സ്ഥാപന ഉടമയുടെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ട് തുക മാറി നൽകുന്നതുമാണ്.

6. ക്വട്ടേഷൻ തീയതി മാറ്റുന്നതിനും, ഏതെങ്കിലും ക്വട്ടേഷൻ നിരസിക്കുന്നതിനും, മുഴുവൻ ക്വട്ടേഷൻ പ്രക്രിയയും ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സർവെ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് യാതൊരു അവകാശവാദവും അംഗീകരിക്കുന്നതല്ല.

7. കേരള സർക്കാർ സ്റ്റോർ പർച്ചേസ് മാനുവൽ, ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR) എന്നിവയിലെ ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷൻ നോട്ടീസിന് ബാധകമായിരിക്കും.

DIRECTORATE OF SURVEY AND LAND RECORDS * THIRUVANANTHAPURAM *

**ADDITIONAL DIRECTOR**

പകർപ്പ്
(നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)